# 119. കഞ്ചാവ്

പുകയിലയും ക്യാൻസറും തമ്മിലുള്ള ബന്ധം അസന്ദിഗ്ദ്ധമായി തെളിയിക്കപ്പെട്ടിട്ടും പുകവലിക്കാരുടെ എണ്ണം വർഷന്തോറും വർദ്ധിച്ചുവരികയാണല്ലോ. 'ഒഴിവാക്കാവുന്ന ഒരേ ഒരു മരണകാരണം', 'ഏറ്റവും വലിയ ആരോഗ്യവിപത്ത്' എന്നെല്ലാം വിവരിച്ചാലും സിഗററ്റുപെട്ടിയിൽ ചുവന്ന അക്ഷരങ്ങളിൽ എന്തെല്ലാം താക്കീതുകൾ അച്ചടിച്ചുവെച്ചാലും, പുകവലിയിൽനിന്നു കിട്ടുന്ന നൈമിഷികാനന്ദം ഉപേക്ഷിക്കാൻ വളരെ കുറച്ച് ആളുകളേ തയ്യാറായിക്കാണുന്നുള്ളു.

ശ്വാസകോശത്തിൽ നിറയ്ക്കുന്നതിനുള്ള വിഷപ്പുക ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ പുകയിലയോടു ശക്തിയായി മത്സരിക്കുന്ന മറെറാരു ഇലയുണ്ട്—കഞ്ചാവ്. പുകയിലയെ സഹായിക്കാനുള്ളതുപോലെ, കരുത്തുററ കർഷകരുടെയും വ്യവസായികളുടെയും വ്യാപാരികളുടെയും ഒരു ലോബി കഞ്ചാവിനെ സഹായിക്കുന്നില്ല. പല രാജ്യങ്ങളിലും പുകയില മുഖ്യ കൃഷിയും മുഖ്യ വ്യവസായവും മുഖ്യ കയററുമതിച്ചരക്കുമാണ്; കഞ്ചാവിന് ആ നില ഒന്നും ഇനിയും കൈവന്നിട്ടില്ല. പുകയില ഉല്പന്നങ്ങൾ വില്ക്കുന്നതിലും വാങ്ങുന്നതിലും നിയമതടസ്സം ഒരിടത്തുമില്ല. കഞ്ചാവിൻെറ സ്ഥിതി അതല്ല. മിക്ക രാജ്യങ്ങളിലും അതിൻെറമേൽ കർശനമായ നിയന്ത്രണങ്ങളുണ്ട്; ചിലേടത്തു പൂർണ നിരോധംതന്നെയുമുണ്ട്.

എന്നിട്ടെന്താണ്? പുകയിലപ്പുകയ്ക്കു 'വീര്യം' പോരാഞ്ഞാവാം കഞ്ചാവിൻെറ ആരാധകർ എണ്ണത്തിൽ പെരുകിവരുന്നു. കഞ്ചാവിൻെറ ഉല്പാദനം, സംസ്കരണം, കടത്തൽ, കച്ചവടം, ഉപഭോഗം എല്ലാം വിദഗ്ദ്ധമായും വ്യാപകമായും രഹസ്യമായും നിർവഹിക്കപ്പെടുന്നു. ലോകവ്യാപകങ്ങളായ ചില കുററവാളിസംഘങ്ങൾ ഈ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതായും പറയപ്പെടുന്നു.

അമേരിക്കയിലെ യുണൈററഡ് സ്റ്റേററ്സിൽ 1980-ൽ രണ്ടര കോടി ജനങ്ങൾ നിയമവിരുദ്ധമായ കഞ്ചാവുവലി സ്ഥിരമായി നടത്തിയിരുന്നുവെന്ന് 1982 മാർച്ച് 8-ലെ 'ടൈം' വാരിക റിപ്പോർട്ടു ചെയ്യുന്നു. കണ്ടുപിടിക്കപ്പെട്ടാൽ ജയിലിൽ പോകേണ്ടിവരുന്ന ഈ നിഷിദ്ധ സുഖാസ്വാദനത്തിനായി അവർ ആ ആണ്ടിൽ ഏതാണ്ട് രണ്ടായിരത്തിനാനൂറു കോടി ഡോളർ ചെലവഴിച്ചു. ഈ സ്ഥിരം 'വലിയ'ന്മാർക്കു പുറമേ, ഏതാണ്ടു രണ്ടര കോടിയോളം ജനങ്ങൾ രസത്തിനുവേണ്ടി കൂടെക്കൂടെ കഞ്ചാവുപുക അകത്താക്കുന്നവരായും അമേരിക്കയിൽ ഉണ്ടത്രേ. അമേരിക്കയിൽ ഏററവും വ്യാപകമായി ഉപയോഗിക്കപ്പെടുന്ന നിയമവിരുദ്ധ ലഹരിദ്രവ്യം ഇപ്പോൾ കഞ്ചാവാണ്.

പുകയില ആരോഗ്യത്തിനു ഹാനികരമാണെന്നു കരുതുന്നവരും ഇടയ്ക്കൊക്കെ കഞ്ചാവു വലിച്ചാൽ തരക്കേടൊന്നും വരാനില്ലെന്ന അഭിപ്രായക്കാരാണ്. ഈ വിശ്വാസം അർത്ഥശൂന്യമാകുന്നു. അമേരിക്കയിലെ നാഷണൽ അക്കാദമി ഓഫ് സയൻസിൻെറ, ഇൻസ്റ്റിററ്യൂട്ട് ഓഫ് മെഡിസിൻ 1982 മാർച്ച് ആദ്യത്തിൽ പ്രസിദ്ധീകരിച്ച, 188 പേജുള്ള, ഒരു റിപ്പോർട്ട് കഞ്ചാവിൻെറ ദുഷ്ഫലങ്ങളെ വിശദമായി വിവരിക്കുന്നുണ്ട്. കഞ്ചാവ് വ്യാപകമായി ഉപയോഗിച്ചുവരുന്നതിനെ രാജ്യം അത്യന്തം ആശങ്കയോടെ വീക്ഷിക്കണമെന്നതാണ് ഈ റിപ്പോർട്ടിൻെറ രത്നച്ചുരുക്കം. എന്നാൽ, മാററാനാവാത്തതും നീണ്ടുനില്ക്കുന്നതുമായ ആരോഗ്യഹാനി കഞ്ചാവുവലി മൂലം ഉണ്ടാകുമോ എന്നതു സംബന്ധിച്ചു വേണ്ടത്ര ഗവേഷ

ണം ഇനിയും നടന്നിട്ടില്ലെന്ന റിപ്പോർട്ട് സമ്മതിക്കുന്നു. ആയിരം കഞ്ചാവുവലിക്കാരെസ്സംബന്ധിച്ച ശാസ്ത്രീയപഠനങ്ങൾ നടന്നിട്ടുണ്ട്. ആ പഠനങ്ങൾ ചില നിഗമനങ്ങളിലെത്താൻ സഹായിച്ചിട്ടുമുണ്ട്.

പുകയിലയിൽ നിക്കോട്ടിൻപോലെ, കഞ്ചാവിലുള്ള സക്രിയഘടകം 'ഡെൽട്ട–9 ടെട്രാ ഹൈഡ്രോ കനാബിനോൾ' (ടി. എച്ച്. സി.) ആണ്. ഇതിന്റെ പ്രവർത്തനം മദ്യത്തിന്റെ പ്രവർത്തനംപോലെതന്നെ. പേശീചലനങ്ങളുടെ പരസ്പരബന്ധത്തെ ഇതു തടയുന്നു; ചലിക്കുന്ന ഒരു വസ്തുവിനെ പിന്തുടരാനുള്ള കഴിവു നഷ്ടപ്പെടുത്തുന്നു; പെട്ടെന്നു കത്തുന്ന ഒരു പ്രകാശം കണ്ടെത്താൻ സാധിക്കാതാകുന്നു. ഇതിനർത്ഥം, കഞ്ചാവു വലിച്ച് വാഹനം ഡ്രൈവ് ചെയ്യരുതാ എന്നാണ്. മദ്യത്തിന്റെ ലഹരി വളരെ കുറച്ചു സമയത്തേക്കേ കാണൂ. കഞ്ചാവിന്റെ ലഹരിയാകട്ടെ, അതു വലിച്ചു കഴിഞ്ഞ് നാലുമുതൽ എട്ടു മണിക്കൂർവരെ നിലനില്ക്കും. അതിനാൽ, വാഹനങ്ങൾ ഓടിക്കുന്നവർ കഞ്ചാവുവലി വർജിക്കുകതന്നെ വേണം.

താല്ക്കാലികമായ ഓർമക്കുറവ്, പഠനമാന്ദ്യം, വിവേചനരാഹിത്യം, അമ്പരപ്പ്, പരിഭ്രമം മുതലായവ കഞ്ചാവുവലികൊണ്ട് ഉണ്ടാകുന്നുണ്ട്. ഇതിനാൽ, വിദ്യാലയങ്ങളിലെ കഞ്ചാവുവലി ഗൗരവപൂർവം വീക്ഷിക്കപ്പെടേണ്ട ഒന്നാണെന്ന് റിപ്പോർട്ടിൽ പറയുന്നു. അമേരിക്കയിൽ വിദ്യാലയങ്ങളിലാണുതാനും കഞ്ചാവുവലി കൂടുതലും നടക്കുന്നത്. 'ദിവസേന കഞ്ചാവ് ഉപയോഗിക്കുന്ന വിദ്യാർത്ഥിയുടെ മസ്തിഷ്കം സാധാരണനിലയിൽ പ്രവർത്തിക്കാൻ ഒരു വഴിയുമില്ല. പക്ഷേ, ഇതുകൊണ്ടുണ്ടാവുന്ന ദൂഷ്യം ഇത്രയെന്നു കൃത്യമായി അളക്കാൻ ഒരു മാർഗവുമില്ല' എന്നു റിപ്പോർട്ട് പ്രസ്താവിക്കുന്നു.

പുകയിലപോലെ കഞ്ചാവും ക്യാൻസറിനും ശ്വാസകോശ രോഗങ്ങൾക്കും കാരണമായേക്കാം. ഹൃദയസ്പന്ദം, രക്തസമ്മർദം എന്നിവയെ കഞ്ചാവ് ഉയർത്തും. അതിനാൽ രക്തസമ്മർദം, ഹൃദ്രോഗങ്ങൾ മുതലായവ ഉള്ളവർക്കു കഞ്ചാവു വിശേഷിച്ചും ആപല്ക്കരമാണ്.

കഞ്ചാവു വലിക്കുന്നവരുടെ ശുക്ലത്തിൽ ബീജങ്ങൾ കുറവായിരിക്കും. മൃഗങ്ങളിൽ പ്രയോഗിച്ചു നോക്കിയപ്പോൾ അണ്ഡോൽപ്പാദനം, ഹോർമോൺ സന്തുലനം എന്നിവയെ കഞ്ചാവു ബാധിക്കുന്നതായും കണ്ടുവത്രെ. എന്നാലും കഞ്ചാവ് വന്ധ്യതയ്ക്കു കാരണമാണെന്നു തെളിയിക്കപ്പെട്ടിട്ടില്ല.

കഞ്ചാവിന്റെ വിഷം അമ്മയിൽനിന്നു ഗർഭസ്ഥശിശുവിലേക്കു സംക്രമിക്കും. എങ്കിലും, അതു ശിശുവിനു് അംഗവൈകല്യം ഉളവാക്കുന്നതായി അറിവായിട്ടില്ല. ശരീരത്തിന്റെ രോഗപ്രതിരോധ ശക്തിയെ കഞ്ചാവു കുറയ്ക്കുമെന്നും പറഞ്ഞുകൂടാ.

കഞ്ചാവിന്റെ വിഷാംശം ഉടനടൻ വിസർജ്ജിക്കപ്പെടാതെ ശരീരത്തിൽക്കിടന്ന് ഊട്ടം കൂടും. ഇക്കാരണത്താൽ, അതിന്റെ ദോഷഫലങ്ങളെപ്പററി കൂടുതൽ ഗവേഷണപഠനങ്ങൾ നടത്തേണ്ടതുണ്ടെന്നു റിപ്പോർട്ട് പറയുന്നു. ഗ്ലൗക്കോമ, ആസ്ത്മ, ചിലതരം ക്യാൻസർ രോഗങ്ങൾ എന്നിവയിൽ ഔഷധമായി കഞ്ചാവുല്പന്നങ്ങൾ ഉപയോഗിക്കാനുള്ള സാധ്യതയും ഗവേഷണവിഷയമാക്കേണ്ടതുണ്ട്.

സ്ഥിരമായി ഉപയോഗിച്ചാൽ ഒരാൾ കഞ്ചാവിന്റെ അടിമയാവുമോ? അങ്ങനെയാവാൻ സാധ്യതയുണ്ടെന്നാണ് ഇടയ്ക്കുവെച്ച് കഞ്ചാവുവലി നിർത്തുന്നവരുടെ അനുഭവങ്ങൾ കാണിക്കുന്നത്. എന്നാലും കറുപ്പും മററുംപോലെ അത്ര ആപല്ക്കരമല്ല, ഈ വിഷയത്തിൽ കഞ്ചാവ്.

അമേരിക്കയിലെ ഹൈസ്കൂൾ കുട്ടികൾക്കിടയിൽ കഞ്ചാവുവലിക്കാർ കുറഞ്ഞുവരുകയാണത്രേ. 1978-ൽ 11 ശതമാനം കുട്ടികൾ കഞ്ചാ

വു വലിച്ചിരുന്നപ്പോൾ, 1981–ൽ അവരുടെ ശതമാനം 7 ആയി കുറഞ്ഞു വെന്ന് ഒരു പഠനം വെളിവാക്കുന്നു.

ഇന്ത്യയിലെ സ്ഥിതി എന്താണ്? അറിയാൻ ഒരു മാർഗവുമില്ല. ഒന്നുമാത്രം പറയാം: ഇന്ത്യയിൽ എവിടെയും എപ്പോഴും ആർക്കും കഞ്ചാവു സുലഭമായി കിട്ടും. പ്രത്യേകിച്ചും വിദ്യാലയങ്ങൾക്ക മുമ്പിലുള്ള മുറുക്കാൻ കടകളും പെട്ടിക്കടകളും കൊച്ചുചായക്കടകളും ആവശ്യക്കാർക്കു വേണ്ട എല്ലാ ലഹരിപദാർത്ഥങ്ങളും എപ്പോഴും നൽകാൻ തയ്യാറാണ് എന്നു കേൾക്കുന്നു. ഇനി, പരിഷ്കാരികൾക്കു വേണമെങ്കിൽ നഗരങ്ങളിൽ ഡിസ്കോത്തെക്കുകളും കോഫീബാറുകളും മററുമുണ്ട്. കഞ്ചാവോ, കറപ്പോ, എൽ. എസ്. ഡി. യോ, ഏതു ലഹരി പദാർത്ഥത്തിന്റെ പ്രചാരവും ഇവിടെ ആരും ഒരു പ്രശ്നമായി എടുത്തിട്ടില്ല. എടുക്കുന്ന ലക്ഷണവുമില്ല.

11 ഏപ്രിൽ, 1982

# 120. ഒരു മാസത്തിൽ പത്തു ലക്ഷം കുട്ടികൾ

ഇന്ത്യയിൽ ഓരോ മാസത്തിലും പത്തു ലക്ഷത്തിലേറെ കുട്ടികൾ പിറക്കുന്നുണ്ട്. കേരളസംസ്ഥാനത്തിൽ ഇന്നുള്ളതിൽ കൂടുതൽ ജനങ്ങൾ രണ്ടു വർഷംകൊണ്ട് ഇന്ത്യയിൽ അധികമായി ഉണ്ടാകുന്നു. ഈ വർദ്ധന പലിശയും കൂട്ടുപലിശയുമായി പെരുകുകയും ചെയ്യുന്നു.

ഇപ്പോൾ ലോകത്തിൽ ആകെയുള്ള ജനങ്ങളിൽ നൂററിനു പതിനഞ്ചു പേരും ഇന്ത്യാക്കാരാകുന്നു. അതേസമയം ലോകത്തിലാകെയുള്ള നിലത്തിന്റെ രണ്ടര ശതമാനമേ ഇന്ത്യയിലുള്ളു.

ലോകത്തിലേററവുമധികം ദാരിദ്ര്യമുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഇന്ത്യയേക്കാൾ ദരിദ്രങ്ങളായി ബംഗ്ലാദേശ്പോലെ ഒന്നോ രണ്ടോ രാജ്യങ്ങളേ ഉള്ളു.

പത്തു ലക്ഷം കുട്ടികൾ മാസംതോറും പിറക്കുന്നു എന്നതിനർത്ഥം പത്തു ലക്ഷം വായകൾക്കുകൂടി മാസംതോറും ഭക്ഷണം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു എന്നു മാത്രമല്ല, മാസംതോറും സ്കൂളുകളിൽ പത്തു ലക്ഷം അധികം സീററുകൾ, പത്തു ലക്ഷം അധികം ജോലികൾ, പത്തു ലക്ഷം പേർക്കുകൂടി പാർപ്പിട സൗകര്യങ്ങൾ, ചികിത്സാസൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ വിനോദ സൗകര്യങ്ങൾ അങ്ങനെ 'ശവസംസ്കാര സൗകര്യങ്ങൾ'വരെ അനവധി സൗകര്യങ്ങൾ മാസംതോറും ഈ തോതിൽ കൂടുതലായി ഉണ്ടാവേണ്ടിയിരിക്കുന്നു.

കുടുംബസംവിധാനത്തെപ്പററി നാം പറയാൻ തുടങ്ങിയിട്ട് കാൽ നൂററാണ്ടിലേറെയായി. സന്താനനിയന്ത്രണത്തിനുവേണ്ടി ഗണ്യമായ ഒരു തുക ആണ്ടുതോറും ചെലവഴിക്കുകയും ചെയ്യുന്നു. എന്നിട്ടും നിന്നേടത്തു നില്ക്കാനല്ലാതെ മുന്നോട്ടു പോകാൻ നമുക്കു കഴിയുന്നില്ല. കഴിഞ്ഞ പത്താണ്ടിൽ ജനസംഖ്യയുടെ വളർച്ചനിരക്ക് ഇന്ത്യയിൽ കുറയുകയുണ്ടായില്ല. 1971–ൽ ജനസംഖ്യാവർദ്ധന ആയിരത്തിന് ഇരുപത്തിയഞ്ച് (24.80) ആയിരുന്നു. 1981–ലും നാം അതേ വർദ്ധനനിരക്കുതന്നെ (24.75) നിലനിർത്തുന്നു. ജനനനിരക്കിലുള്ള ചെറിയ കുറവിനെ മരണനിരക്കിലുള്ള വലിയ കുറവ് നികത്തുന്നു. ജനസംഖ്യാവർദ്ധനയിലുള്ള ഈ പ്രവണത ഭാവിയിലും തുടരുമെന്നാണു കരുതപ്പെടുന്നത്. കഴിഞ്ഞ മുപ്പതു വർഷത്തിൽ ഇന്ത്യയിൽ മുപ്പത്തിരണ്ടു കോടി മുപ്പതു ലക്ഷം ജനങ്ങൾ വർദ്ധിച്ചു.